ജി എച്ച് എസ് എസ് കൊടുങ്ങല്ലൂർ

ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ

2018-19

# ജ്വാല







## സന്ദേശം

**വി**വരസാങ്കേതികവിദ്യ അറിവിന്റെ ലോകത്ത് വിപ്ലവംതന്നെ സൃഷ്ടിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്.

വിജ്ഞാനം വിരൽത്തുമ്പിലെത്തി നിൽക്കുന്ന ഈ അവസരത്തിൽ സർഗാത്മകതയെ സാങ്കേതിക വിദ്യയിലൂടെ ആവിഷ്ക്കരിക്കുകയാണ് ഈ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ. നമ്മുടെ വിദ്യാർത്ഥികൾ അണിയിച്ചൊരുക്കുന്ന 'ജ്വാല' എന്ന ഈ മാഗസിൻ പിൻപേവരുന്ന കുട്ടികൾക്ക് മാതൃകയായിത്തീരട്ടെ എന്നാശംസിക്കുന്നു.

- സുമംഗലി എം.എസ്സ്
ഹെഡ്മിസ്ട്രസ്സ്

ഇന്നു നാം ജീവിക്കുന്നത് ഡിജിറ്റൽ യുഗത്തിലാണല്ലോ. "**വിജ്ഞാനം വിരൽത്തുമ്പിൽ**", ശരിയാണ്.ഒരു ക്ലിക്കിലൂടെ നമുക്ക് സകലവിജ്ഞാനവും പ്രാപ്തമായിരിക്കുന്നു.ഈ യുഗത്തിൽ ജീവിക്കുന്ന നാം എന്തുകൊണ്ടും ഭാഗ്യവാന്മാരാണ്. ഇന്റർനെറ്റിന്റെ മാസ്മരികലോകത്തിൽ ജീവിക്കുന്ന നമുക്ക് പഴമയുടെ മനോഹാരിത നഷ്ടമായിരിക്കുന്നു. കല്ലിലും പനയോലകളിലും കടലാസുകളിലും തുടങ്ങിയ എഴുത്ത് ഇന്ന് ഡിജിറ്റൽ അക്ഷരങ്ങളിൽ എത്തി നിൽക്കുന്നു.



അതിജീവനത്തിന്റെ പാത പിന്തുടരുന്ന ഞങ്ങൾ ലിറ്റിൽ കൈറ്റസ് കൂട്ടായ്മയിലൂടെ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിൻ **ജ്വാല** നിങ്ങൾക്കായി സമർപ്പിക്കുന്നു.

....................എഡിറ്റർ

# ഉള്ളടക്കം


.1 നസ്രുദ്ദീൻ മുല്ല

.2 അരുണഗിരി

.3 ബഷീറിന്റെ വിശ്വ വിഖ്യാതമായ മൂക്ക്

.4 കേരളം അതിജീവനത്തിന്റെ പാതയിൽ

.5 നിലയ്ക്കാത്ത നിലവിളികൾ

.6 മിഴിനീർ

.7 ആത്മാവിൻ താരകം

.8 പുഴയുടെ ഉയർത്തെഴുന്നേൽപ്പ്

.9 ആകാശം

.10 അമ്മയ്ക്കായി


.11 ജീവന്റെ തുടിപ്പ്

.12 അമ്മിണിയുടെ ജീവിതം

.13 ഭൂമിയുടെ അവകാശികൾ

# നസ്റുദ്ദീൻ മുല്ല, ഒരു കൊച്ചുകുറിപ്പ്

*ഈയിടെ വായിച്ച രസകരമായ ഒരു പുസ്തകമാണ് 'വിൽക്കാനുണ്ട് കഴുതയെ' എന്ന നസ്റുദ്ദീൻ മുല്ലയെ കുറിച്ചുള്ള കൊച്ചു കഥാസമാഹാരം. നസ്റുദ്ദീൻ മുല്ലയെക്കുറിച്ചുള്ള ഈ പുസ്തകം വളരെ രസകരവും തമാശ നിറഞ്ഞതുമാണ്. അദ്ദേഹം വളരേ പണ്ഡിതനുംബുദ്ധിമാനുമായിരുന്നു. ചിലകഥകൾ വായിക്കുമ്പോൾ അദ്ദേഹം വിഡ്ഢിയാണോ എന്ന് തോന്നിപ്പോകും. അദ്ദേഹത്തെ കുറിച്ചുള്ള എല്ലാ കഥകളും നമ്മെ എറെ ആകർഷിക്കുന്നു. ഓരോകഥയും നമ്മെ പലചിന്തകളിലേക്കും*




*നയിക്കുന്നു. 'ശരിയായ പ്രതിഫലം' എന്ന കഥയാണ് എനിക്ക് ഏറേ ഇഷ്ടപ്പെട്ടത്. അദ്ദേഹത്തിന്റെ ബുദ്ധിയും തമാശയുമാണ് ഇതിൽ എടുത്തുകാട്ടുന്നത്.*

***- ഗൗരിനന്ദ***



# അരുണഗിരി



ഒരു പാട് നാളായിട്ടും ഈ ലോകത്തെവിടെയായാലും പ്രശ്നങ്ങൾ  തീരുന്നില്ല. അങ്ങനത്തെയൊരു പ്രദേശമാണ്  അരുണഗിരി. ഇവിടെയ്യുള്ള ജനങ്ങൾ സന്തോഷത്തെ മറന്നു കഴിഞ്ഞിരിക്കുന്നു .എല്ലാവരിലും ദു:ഖവും പ്രശ്നങ്ങളും മാത്രം. എന്നാൽ ഇവിടെ സന്തോഷം മാത്രം ഉണ്ടായിരുന്ന ഒരു സമയമ്മുണ്ടായിരുന്ന

എങ്ങും ആഘോഷവും ആഹ്ലാദവും.എല്ലാവർക്കും ഏതു വിദേനയും

ഇവിടെ പേടികൂടാതെ ജീവിക്കാമാ-

യിരുന്നു.എന്നാൽ അവിടേയും ഉണ്ടായിരുന്ന കുറച്ച് ദുഷ്ട

പ്രവർത്തികൾ ചെയ്യുന്ന ആളുകൾ. വിദേശത്ത് നിന്ന് വന്ന ആളുകൾ ഒരു പാട് നാളായിട്ടും ഈ

ലോകത്തെവിടെയായാലും പ്രശ്നങ്ങൾ  തീരുന്നില്ല.

അങ്ങനത്തെയൊരു പ്രദേശമാണ്  അരുണഗിരി. ഇവിടെയ്യുള്ള

ജനങ്ങൾ സന്തോഷത്തെ മറന്നു കഴിഞ്ഞിരിക്കുന്നു.എല്ലാവരിലും

ദു:ഖവും പ്രശ്നങ്ങളും മാത്രം. എന്നാൽ ഇവിടെ സന്തോഷം മാത്രം ഉണ്ടായിരുന്ന ഒരു സമയമ്മുണ്ടായിരുന്ന

എങ്ങും ആഘോഷവും ആഹ്ലാദവും.എല്ലാവർക്കും ഏതു വിദേനയും

ഇവിടെ പേടികൂടാതെ ആപ്രദേശം വാങ്ങുകയും അവിടുത്തെ

വീടുകളും കുളങ്ങളും നദികളും എല്ലാം നശിപ്പിച്ചു. പ്രകൃതിക്കെതിരെ അവർ നടത്തിയ പ്രവർത്തിക്കുള്ള ഫലം ആ നാടുമുഴുവൻ അനുഭവിക്കേണ്ടി

വന്നു. പ്രകൃതിദുരന്തങ്ങൾ കൊണ്ട്  ആ നാട് നശിഞ്ഞു പോയി. ഇതിനെല്ലാം കാരണം ആ നാട്ടിലെ

വിദ്യാസ സമ്പന്നരായ എന്നാൽ ദുഷ്ടപ്രവർത്തികൾ ചെയ്യുന്നവരും, അവരുടെ നേതൃത്വപ്രകാരം അവിടെ

യെത്തിയ വിദേശികളുമാണ്. ആ പ്രദേശം നശിപ്പിച്ച്  അവിടെ വലിയ കെട്ടിടങ്ങളും ഹോട്ടലുകളും ഫാക്ടറികളും ഉയർത്തികൊണ്ടുവന്നതിന്റെ പരിണാമമായി ആപ്രദേശത്തെ ബാധിച്ച ഏറ്റവും വലിയ

പ്രശ്നമായിരുന്നു വെള്ളപ്പൊക്കം. എല്ലാവരുടേയും എല്ലാം നശിഞ്ഞ് പോയി വീടും വീട്ടു സാധനങ്ങളും എല്ലാറ്റിനുപരി അവരുടെ സന്തോഷവും എന്തിന് പറയണം ബന്ധു മിത്രാതികൾ മരണമടയുന്ന

കാഴ്ച കാണേണ്ട അവസ്ഥ വരെയുണ്ടായി.എല്ലാവരുടേയും സന്തോഷം തകർന്നു വാരിക്കൊണ്ട് ആ

പ്രളയം അങ്ങിനെയങ്ങ് പോയി.ഒന്നും ബാക്കിവച്ചില്ല. ഉടുതുണിക്ക് മറുതുണിയില്ലാതെ ആഹാരമില്ലാതെ


ആരുടേയും സഹായം പോലും തേടാൻ കഴിയാതെ അവസ്ഥ നേരിടേണ്ടി വന്ന ഒരുപ്രദേശമാണ്

അരുണഗിരി. അവിടെയെങ്ങും കരച്ചിലും  ബഹളവും. നിലയ്ക്കാത്ത നിലവിളികളുമായി ആ പ്രദേശവാസികൾ ജീവനു വേണ്ടി കരയുന്നു

ജ്വാല

# ബഷീറിന്റെ വിശ്വവിഖ്യാതമായ മൂക്ക്

പ്രാദേശികതയുടെ തനിമയും മനോഹാരിതയും തുളുമ്പി നിൽക്കുന്ന രചനാ ശൈലിയുടെയും ഹാസ്യാത്മകമായ അവതരണ രീതിയുടെയും മലയാളികളുടെ മനംകവർന്ന എഴുത്തുകാരനാണ് ശ്രീ വൈക്കം മുഹമ്മദ് ബഷീർ. കടിനവും അച്ചടി ശൈലിയുമ്മുള്ള ആധുനിക ഭാഷാ തലത്തിൽ നിന്നും വ്യത്യസ്തമായി ലളിതവും സുന്ദരവുമായ പ്രാദേശിക ഭാഷാ തനിമ നില നിർത്തികൊണ്ടാണ് അദ്ദേഹം തന്റെഎ ഓരോ രചനയും ചിട്ടപ്പെടുത്തിയിരിക്കുന്നത് അതുകൊണ്ട് തന്നെ കൊച്ചുകുട്ടികൾ മുതൽ പ്രായമാവർ വരെ ഒരുപോലെ ഇഷ്ട്ടപ്പടുകയും ആസ്വാദിക്കുന്ന കൃതികളാണ് ആദ്ദേഹത്തിന്റെത്. വിശ്വവിഖ്യാതമായ മൂക്കും അത്തരത്തിൽ ആവിഷ്ക്കരിച്ചിരിക്കുന്ന ഒരു കഥയാണ്.സാങ്കൽപ്പികമായി രചിക്കപ്പെട്ടതാണെങ്കിലും, ഈ കഥ നമ്മുടെ സമൂഹത്തിന്റെ ഭ്രാന്തമായ അനുകരണഭ്രമത്തെ വിമർശിക്കുന്ന ഒന്നാണ്.നിരക്ഷരനും വിദ്യഭ്യാസ യോഘ്യതയുമില്ലാത്ത ഒരു കുശി നിപണിക്കാരനെ നായകനാക്കിയാണ് ഈ കഥ രചിച്ചിരിക്കുന്നത്.ദാരിദ്രവും കഷ്ട്ടപ്പാടുകളും നിറഞ്ഞ അയാളുടെ ജീവിതത്തിൽ,ആകസ്മികമായി ഉണ്ടാകുന്ന വഴിത്തിരിവ് കഥാസന്ദർഭത്തെ രസകരമാക്കുന്നു.24 മത്തെ വയസ്സിൽ,അയാളുടെ മൂക്ക് അപ്രദീക്ഷിതമായി വളാൻ ആരംഭിക്കുകയും വളർന്ന വളർന്ന് അയാളുടെ ശരിരത്തിന്റെ പകുതി



ഭാഗത്തോളം എത്തുന്നു. തുടർന്ന് അത്ഭുത ദൃശ്യം കണ്ടാ സ്വദിക്കാൻ മാദ്യമ പ്രവർത്തകർ രാഷ്ട്രീയ നേതാക്കന്മാർ,സിനിമാ സംവിധായകർ അഭിമുക സംഭാഷണക്കാർ എന്നുവേണ്ട ലോകത്തിന്റെ വിവിധ കോണുകളിൽ നിന്നും ആൾക്കാർ ഒഴുകിയെത്തുന്നു. ഇവിടെ താരമൂല്യം അന്വേഷിക്കുന്ന കപട ബുദ്ധിജീവികളേയും നവമാധ്യമ സംസ്ക്കാരത്തെയും പരിഹസിക്കാൻ ബഷീർ ഈ കഥാ പാത്രത്തെ ആയുധമാക്കുന്നു.ഇങ്ങനെ ക്രമേണ ലോകപ്രശസ്ത്തനാക്കുന്ന ഈകഥാപാത്രം ജന മനസ്സുകളിൽ സ്ഥാനം പിടിക്കുകയും സമൂഹത്തിൽ ഒരു അത്ഭുത പ്രതിഭാസമായി നിലക്കൊള്ളുകയും ചെയ്യുന്നു. ഗോളാന്തരയാത്ര,പ്രഞ്ചങ്ങളുടെ ഉൽപ്പത്തി,മരണാനന്തര ജീവിതം,പത്ര പ്രവർത്തനം,ആത്മാവ്, നായാട്ട് എന്നിങ്ങനെ പ്രപഞ്ചത്തിലെ വൈവിദ്യമാർന്നഎല്ലാ വിഷയങ്ങളെ പറ്റിയുമ്മുള്ള ഇയാളുടെ അർത്ഥശൂന്യമായ അഭിപ്രായങ്ങളോട് ജനങ്ങൾ യോജിക്കകയും ആരാധിക്കുകയും ചെയ്യുന്നു.തുടർന്നു നടക്കുന്ന രാഷ്ട്രീയ പാർട്ടികളുടെ ആഗമനം കഥയിൽ വഴിത്തിരിവുണ്ടാക്കുന്നു.പരസ്പ്പര വിരോധികളായ രാഷ്ടീയ  പാർട്ടികൾ ഈ കഥാപാത്രത്തെ സംബന്ധിച്ച് അസത്യമായ കെട്ടുകഥകൾ മെനയുകയും പ്രചരണം നടത്തുകയും ചെയ്യുന്നു . അസത്യമായ കെട്ടു കഥകൾ മെനയുകയും പ്രചരണം നടത്തുകയും ചെയ്യുന്നു . ഇവിടെ നമ്മുടെ  സമൂഹത്തലെ  രാഷ്ടീയ പാർട്ടികളുടെ യഥാർത്ത അവസ്ഥയും സ്വഭാവവുമാണ്  നർമ്മത്തിൽ പൊതിഞ്ഞ് കഥാകൃത്ത് അവതരിപ്പിച്ചിരിക്കുന്നത്.ഈ കഥ ബഷീറിന്റെ ഹാസ്യകലാ പാഠവത്തിന്റെ പ്രതീകമായി നിലക്കൊള്ളുന്നു. വായനയുടെ പുതുലോകത്തേക്ക് പ്രവേശിക്കുന്നവർക്കും,വായനയുടെ ആസ്വാദന അനുഭവിക്കുന്നവർക്കുമായി ഈ പുസ്തകം നല്ലൊരു വഴികാട്ടിയാണ്. വായനയുടെ സുഖവും അനുഭൂതിയും സ്വർഗീയതയും ആവോളം,ആനുഭവവേദ്യമാകുന്ന ഈ കഥയിലൂടെ, മലയാളിയുടെ മാറിയ ജീവിത സാഹചര്യത്തൽ പുതിയ ഒരു വായനയുടെ സാധ്യത തുറക്കപ്പെടുന്നു

ജ്വാല

# കേരളം അതിജീവനത്തിന്റെ പാതയിൽ




ഒരു മഹാ പ്രളയത്തിന്റെ പാശ്ചാത്തലത്തിലാണ് നാം ഇപ്പോൾ നിൽക്കുന്നത്. ഈ പ്രളയത്തിൽ ലക്ഷകണക്കിന് പേർക്കാണ് താൽക്കാലികമായെങ്കിലും വീട് നഷ്ട്ടപ്പെട്ടത്. പതിനായിരകണക്കിന് നാശനഷ്ട്ടങ്ങളാണ് ജനങ്ങൾക്കും ഗവൺമെന്റിനും മറ്റു സ്ഥാപനങ്ങൾക്കും ഉണ്ടായത്.കുറേയധികം പേരുടെ സ്വപ്നങ്ങളാണ് ഒരു നിമിഷം കൊണ്ട് തകർന്നിടിഞ്ഞത്. നഷ്ട്ടങ്ങളുടെ കണക്കെടുകയല്ല.മറിച്ച് ഒറ്റക്കെട്ടായിന അത് അതിജീവിക്കുകയാണ് നാം ചെയ്യേണ്ടത്. കേരളം നടത്തിയ അതിജീവനം ലോകത്തിന്റെ മൊത്തം ശ്രദ്ധയാകർഷിക്കും തരത്തിലായിരുന്നു.രക്ഷാ പ്രവർത്തനത്തിന് എല്ലാവരും മുന്നിട്ടിറങ്ങി. കടലിന്റ മക്കളുടെ സേവനം തികച്ചും അഭിനന്ദനാർഹമായിരുന്നു.സൈനം രക്ഷിച്ചത് പതിനായിരക്കണക്കിന് ആളുകളെയാണ്. പ്രളയം കഴിഞ്ഞപോൾ തന്നെ കെ.എസ്.ഇ.ബി നടത്തിയ പ്രവർത്തനങ്ങൾ അഭിന്ദനാർഹമായി.

പ്രളയാനന്തരം നാം ചർച്ചചെയ്യേണ്ടത് രോഗങ്ങളെകുറിച്ചാണ്.നിരനവധി ജലരോഗങ്ങളാണ് നമ്മളെ കാത്തിരിക്കുന്നത്. അവയെ പ്രതിരോധിക്കാനുള്ള മാർഗങ്ങൾ നമ്മൾതന്നെ കണ്ടെത്തണം.വെള്ളം കയറിയ വീടുകളും മറ്റും വൃത്തിയാക്കുമ്പോൾ മുതൽ ശ്രദ്ധ തുടങ്ങണം.അവ ശുചിയായി വൃത്തിയാക്കിയാൽ മാത്രമേ ജലജന്യരോഗങ്ങളെ നമ്മുക്ക് തടുക്കാനാവൂ.ശുദ്ധജലല്യഭത ഉറപ്പ് വരുത്തുക എന്നത് വളരെ പ്രധാനപ്പട്ട കാര്യമാണ്.രോഗങ്ങളെ ശാശ്വതമായി തടഞ്ഞാൽ മാത്രമെ നമ്മുക്ക് പ്രളയത്തിൽ നിന്ന് ഒരു അതിജീവനം സാധ്യമാകൂ.

പ്രളയത്തിനുശേഷം നാം ശാശ്വതമായ വികസന മാർഗങ്ങളാണ് മുന്നോട്ട് വയ്ക്കേണ്ടത്. ഉദാഹരണത്തിന് പ്രളയത്തെ അതിജീവിക്കുന്ന തരം വീടുകൾ ഫിൻലാന്റുകാർ നിർമ്മിക്കുഒരു മഹാ പ്രളയത്തിന്റെ പാശ്ചാത്തലത്തിലാണ് നാം ഇപ്പോൾ നിൽക്കുന്നത്.

ജ്വാല



ഈ

പ്രളയത്തിൽ ലക്ഷകണക്കിന് പേർക്കാണ് താൽക്കാലികമായെങ്കിലും വീട് നഷ്ട്ടപ്പെട്ടത്.

പതിനായിരകണക്കിന് നാശനഷ്ട്ടങ്ങളാണ് ജനങ്ങൾക്കും ഗവൺമെന്റിനും മറ്റു സ്ഥാപനങ്ങൾക്കും ഉണ്ടായത്.കുറേയധികം പേരുടെ സ്വപ്നങ്ങളാണ് ഒരു നിമിഷം കൊണ്ട് തകർന്നിടിഞ്ഞത്. നഷ്ട്ടങ്ങളുടെ കണക്കെടുകയല്ല.മറിച്ച് ഒറ്റക്കെട്ടായിന അത് അതിജീവിക്കുകയാണ് നാം ചെയ്യേണ്ടത്. കേരളം നടത്തിയ അതിജീവനം ലോകത്തിന്റെ മൊത്തം ശ്രദ്ധയാകർഷിക്കും തരത്തിലായിരുന്നു. രക്ഷാ പ്രവർത്തനത്തിന് എല്ലാവരും മുന്നിട്ടിറങ്ങി. കടലിന്റ മക്കളുടെ സേവനം തികച്ചും അഭിനന്ദനാർഹമായിരുന്നു. സൈനം രക്ഷിച്ചത് പതിനായിരക്കണക്കിന് ആളുകളെയാണ്. പ്രളയം കഴിഞ്ഞപോൾ തന്നെ കെ. എസ്.ഇ. ബി നടത്തിയ പ്രവർത്തനങ്ങൾ അഭിന്ദനാർഹമായി.

പ്രളയാനന്തരം നാം ചർച്ചചെയ്യേണ്ടത് രോഗങ്ങളെകുറിച്ചാണ്.നിരനവധി ജലരോഗങ്ങളാണ് നമ്മളെ കാത്തിരിക്കുന്നത്. അവയെ പ്രതിരോധിക്കാനുള്ള മാർഗങ്ങൾ നമ്മൾതന്നെ കണ്ടെത്തണം. വെള്ളം കയറിയ വീടുകളും മറ്റും വൃത്തിയാക്കുമ്പോൾ മുതൽ ശ്രദ്ധ തുടങ്ങണം. അവ ശുചിയായി വൃത്തിയാക്കിയാൽ മാത്രമേ ജലജന്യരോഗങ്ങളെ നമ്മുക്ക് തടുക്കാനാവൂ. ശുദ്ധജലല്യഭത ഉറപ്പ് വരുത്തുക

## ജ്വാല

എന്നത് വളരെ പ്രധാനപ്പട്ട കാര്യമാണ്.രോഗങ്ങളെ ശാശ്വതമായി തടഞ്ഞാൽ മാത്രമെ നമ്മുക്ക് പ്രളയത്തിൽ നിന്ന് ഒരു അതിജീവനം സാധ്യമാകൂ.

പ്രളയത്തിനുന്നത് നമ്മുക്ക് മാതൃകയാക്കാം.ജനങ്ങൾക്ക് കൃത്തയമായ ബോധവൽക്കരണം ലഭിക്കണം എന്നത് മറ്റൊരു പ്രധാനപ്പെട്ട കാര്യമാണ്.ഉരുൾപ്പൊട്ടലും മഴവെള്ളപ്പാച്ചിലുമാണ് പ്രളയത്തിന്റെ തീ

വ്രത കൂട്ടിയത്. ഉരുൾപ്പൊട്ടലിന്റെ പ്രധാന കാരണം അനധ്കൃദമായി മല ചെത്തിയെടുക്കുന്നതാണ്. ചെത്തിയെടുത്ത ഭാഗം ദുർബലമാക്കപ്പെടുകയും ശക്തമായ കാറ്റും മഴയും താങ്ങാതെ വരുമ്പോൾ താഴോട്ട് പതിക്കുകയും ചെയ്യുന്നു. പരിസ്ഥിതിലോല മേഖലകളിൽ നിർമാണപ്രകൃയകൾ നടത്തരുതെന്നാണ് നിയമം അനുശാസിക്കുന്നത്. എന്നാൽ ഗവൺമെന്റും മറ്റും അത് കാറ്റിൽ പറത്തുകയാണ്. ശാശ്വതമായ നാളെ ഗകെട്ടിപ്പടുക്കുക എന്നതാണ് പ്രധാനപ്പെട്ട കാര്യം.ഇനിയൊരുപ്രളയം വരാതിരിക്കാൻ

നാം പ്രകൃതിയെ കൈകാര്യം ചെയ്യുന്ന രീതി മാറ്റണം. പ്രകൃതിയെ ചൂഷണം ചെയ്യാതെ ശാസ്ത്രീയമായി ഉപയൊഗിക്കണം.പ്രളയത്തെ അതിജീവിക്കാൻ സർക്കാരും ജനങ്ങളും എല്ലാം ഒറ്റക്കട്ടായി നിൽക്കണം.ദുരിതാശ്വാസ നിദിയിലേക്ക് എല്ലാവരും സഹകരിക്കണം.ഒരുമയാണ് നമ്മുക്കിവിടെ ആവശ്യം.കൂട്ടായ്മയാണ് ശക്തി. നമ്മുക്കീ പ്രളയം മവന്നതിന് സർക്കാർക്കും കുറച്ച് പങ്കുണ്ട് എന്നത് വാസ്തവം. അണക്കെട്ടുകളെ കുറിച്ച് ശാസ്ത്രീയമായി പഠിക്കാതത്തും,വെള്ളം ഒഴുക്കിവിടുമ്പോൾ എത്രത്തോളം ജലനിരപ്പ് നദികളിൽ ഉയരുമെന്നും,എത്രത്തോളം നദിക്ക് ഉൾക്കൊള്ളാനാകുമ്മെന്നും വിശദമായിപഠിക്കാതത്ത് ഒരു മഹാപ്രളയത്തിന് കാരണമായിരിക്കുന്നുവെന്നത് വേദനാ ജനകമാണ്.അണക്കട്ടുകളിലലെ ജല നിരപ്പ് ഉയരുമ്പോൾ തന്നെ കുറെശെ തുറന്നു വിടുകയായിരുന്നുവെങ്കിൽ ഈ പ്രശ്നങ്ങൾ ഒന്നു ഉണ്ടാകുമായിരുന്നില്ല. ഇനിയൊരു പ്രളയം വരാതിരിക്കാൻ നാം ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.



-ഇന്ദുലേഘ . ടി. ആർ

ജ്വാല

# നിലയ്ക്കാത്ത
# നിലവിളികൾ

*ജനലിനരികിൽ നിന്ന് മഴ ആസ്വദിക്കുകയായിരുന്നു ചിന്നു. തോരാതെയുള്ള മഴയ്ക്കു തുല്യമായിരുന്നു അവളുടെ സങ്കടങ്ങളും. ചിന്നുമോൾക്ക് അമ്മയും അച്ഛനമായിട്ട് മുത്തശ്ശി മാത്രമെയുള്ളൂ. മുത്തശ്ശിയുടെ ഏറ്റവും വലിയ ആഗ്രഹം തന്റെ പേരക്കുട്ടിയെ വലിയൊരു നിലയിൽ എത്തിക്കണമെന്നാണ്.എന്നിട്ടു വേണം മുത്തശ്ശിയ്ക്ക് കണ്ണടയ്ക്കാൻ.ചിന്നു നന്നായി പഠിക്കുന്ന കുട്ടിയാണ്.ക്ലാസ്സിൽ ഒന്നാമതാണവൾ.*
*ദാരിദ്ര്യത്തിന്റെ എല്ലാ നെല്ലിപ്പടിയും കഴിഞ്ഞു നിൽക്കുകയാണ് അവളുടെ ജീവിതം.പുതിയ ഒരു വസ്ത്രത്തിനുവേണ്ടി എല്ലാ ദിവസവും തേങ്ങിക്കരയുമവൾ . അവളുടെ കൂട്ടുകാർ അവളെ വളരെ ഇഷ്ട്ടപ്പെടുന്നവരാണ്. അവൾക്ക് എന്തു സഹായം വേണമെങ്കിലും ചെയ്തുകൊടുക്കാൻ അവർ തയ്യാറാണ്. അവളുടെ ദാരിദ്രമേറിയ ജീവിതത്തിൽ അവൾക്ക് കൂട്ടായി ഒരു മിന്നു പൂച്ചയുണ്ട്. ചിന്നു പട്ടിണിയാണെങ്കിൽ മിന്നുവും പട്ടിണി കിടക്കും.അവളുടെ എല്ലാ ഇല്ലായ്മകളിലും അവളെ സന്തോഷിപ്പിക്കുന്നത് മിന്നുവാണ്.തന്റെ ജീവിതത്തിന് ഒരു മുന്നേറ്റവും ഉണ്ടാകില്ലായെന്ന് എപ്പോഴും അവൾ മുത്തശ്ശിയോട് പറയാറുണ്ട്.പക്ഷെ, ഒരു ദിവസം അവളുടെ സ്കൂളിൽ ഒരു കഥാരചനാ മത്സരം നടത്തി.അവൾക്ക് ഏറ്റവും പ്രിയപ്പെട്ട ടീച്ചറാണ് സിസിലി. സിസിലി ടീച്ചറാണ് കഥാരചനാമത്സരം*

നടത്തിയത്.ചിന്നു വളരെ നന്നായി കഥയെഴുതും. ഭാവാത്മകവും ആസ്വാദ്യകരവുമായ നല്ല ഉഗ്രൻ കഥകൾ. അന്ന് ടീച്ചർ കഥയെഴുതാൻകൊടുത്ത വിഷയമായിരുന്നു മുത്തശ്ശി. മുത്തശ്ശിയെ ചിന്നുവിന് വളരെ ഇഷ്ട്ടമാണ്.മുത്തശ്ശിയെ കുറിച്ച് കഥയെഴുതാൻ പറഞ്ഞാൽ അവൾ എന്തായാലും എഴുതാതിരിക്കില്ല. ചിന്നു വളരെ മനോഹരവും ലളിതവുമായ കഥയെഴുതി.പക്ഷെ അവൾക്ക് അപ്പോഴും തന്റെ അല്ലലുകളെക്കുറിച്ച് എന്നും സങ്കടമായിരുന്നു. പക്ഷെ ആ കഥ അവളെ വളരെ മാറ്റിമറിച്ചു. ആ കഥ എല്ലാ പത്രങ്ങളിലും അച്ചടിച്ച് വന്നു. ആ കുഞ്ഞു മനസ്സിന്റെ നൊമ്പരങ്ങളും തന്നെ വളർത്താനുള്ള തന്റെ മുത്തശ്ശിയുടെ കഷ്ടപ്പാടിനെയുമാണ് ചിന്നു ആ കഥയിലൂടെ പ്രദർശിപ്പിച്ചത്. നൊമ്പരങ്ങളുടെ നിലവിളി-
യൊക്കെ അവൾ മാറ്റി മറിച്ച് കൊണ്ട് എഴുത്തുകാരിയായി മാറിയിരിക്കുന്നു. തന്നെ അനുമോദിക്കാനായി കളക്ടർ വരുന്നുവെന്ന് കേട്ടപ്പോൾ അവളുടെ മനസ്സിനെ പിടിച്ചു നിർത്താൻ അവൾക്ക് കഴിഞ്ഞില്ല.

ഇല്ലായ്മകളിൽ നിന്ന് ഉയർത്തെഴുന്നേൽക്കുന്നവരാണ് ജീവിതത്തിൽ വിജയിക്കുക. നിലയ്ക്കാതെയുള്ള നിലവിളികൾക്ക് കാതുകൊടുക്കാതെ ചിന്നു മുന്നേറിക്കൊണ്ടിരുന്നു.

-ഋഷിക ഒ.ആർ



ജ്വാല

# മിഴിനീർ

ഇന്നെന്റെ ഹൃദയത്തിൽ നിന്നൊരുവലതുകണ്ണ്
നിലാവിന്റെയാഴങ്ങളിലേക്കടർന്നു വീണു

ഇടതുകണ്ണിനെ തനിച്ചാക്കി............
സ്വപ്നഗ്രന്ഥികൾ മുറിഞ്ഞ് പാപം പൊട്ടി
യൊലിക്കുന്ന

സ്മാരകം പോലെ..............
കരച്ചിലിൽ പോലും തുണയില്ലാതായ
ഒരനാഥക്കണ്ണിന്റെ ആത്മനൊമ്പരം
ഓർമ്മകളും ഉറുമ്പുകളും ഞെരിച്ചുകൊല്ലും മുമ്പ്
മറവിയുടെ ഭാണ്ഡത്തിലെക്കെടുത്തിടാൻ വെമ്പുന്ന
നിശബ്ദമായ മനസ്സിന്റെ നിശ്ചലത
നിദ്രയും സ്വപ്നവുമില്ലാത്ത രാത്രികളുടെ
നിരാശസ്പന്ദനമായൊടുങ്ങിയകലുന്നു

ഭാഗ്യം! ഒന്നും കാണേണ്ടി വന്നില്ല-
നരച്ചു നീലിച്ച സ്വപ്നങ്ങളും
അവിശ്വസിക്കപ്പെടുന്ന സ്വന്തം നിഴലിന്റെ സ്നേഹവും
സന്ധ്യയെ നഷ്ടപ്പെട്ട രാത്രിയുടെ
ആത്മഹത്യയ്ക്കുമുമ്പുള്ള ചിരിയും

ഒന്നും.........ഒന്നും.........കാണാതെ..........പാവം
പാപക്കുരുക്കുകളിൽ കാഴ്ചയുടക്കാതെ
സ്നേഹവ്രണങ്ങളിൽ തട്ടിവീഴാതെ
നിലവിളികളാൽ പരാതിപ്പെടാതെ
ശൈശവത്തിന്റെ പടിയിറങ്ങി
പുഞ്ചിരിപ്പൂവുമായൊരു മരവിച്ച പ്രഭാതത്തിൽ

വ്രതപുണ്യത്തിലൂടെ..............



ജീവിതത്തിലും..............കാഴ്ചയിലും............സ്വപ്നത്തിലും

.....നിറനിലാവിലേക്കലിഞ്ഞുപോയി
നികത്താനാവാത്ത ഒരു ശൂന്യത സമ്മാനിച്ചുകൊണ്ട്

എങ്കിലും...........തനിച്ചാക്കപ്പെടുന്നവരുടെ

വ്യഥ നീയോർത്തില്ലല്ലോ............................

ജീവിതത്തിലും..............കാഴ്ചയിലും............സ്വപ്നത്തിലും....

.

ജ്വാല

# ആത്മാവിൻ താരകം

*മനസ്സിന്റെ താളമൊന്നു പിഴച്ചപ്പോൾ*
*അവൾ ഇരുളിന്റെ മറവിലേക്ക്*
*യാത്രയായി.......................*
*കാലത്തിൻ ഗതി മാറിയൊരു വേളയിൽ*
*ആ ചില്ലു ജാലകം അവൾ തുറന്നു.*
*കനവിൽ നിന്ന് ഇരുളിൻ കറ എങ്ങോ*
*പോയി മറഞ്ഞു.*
*അത്ഭുതവാഹക അജ്ഞന നയങ്ങൾ*
*നക്ഷത്ര കൂട്ടത്തെ നോക്കി നോക്കി*
*ഈറൻ കുമ്പിളിലൊരു താരകമവളെ*
*കൺ മിഴി വെട്ടാതെ അവളെ നോക്കി നിന്നു*
*മൃത്യുവിന് ജീവിതം അടിയറവെച്ച*
*കൂട്ടുകാരിയുടെ അത്മാവാണോ?*
*അതെന്നവളോർത്തു*
*അവളാത്മാവിന്റെ താരകമാവാൻ*
*ശ്രമിച്ചപ്പോൾ തനിക്ക് നഷ്ടപ്പെട്ട എത്രയെത്ര*
*[illegible]മിഷങ്ങളാണെന്നറിയുമൊയെന്ന്*
*[illegible]രിക്കുന്ന കണ്ണുകൾ*
*[illegible]ാണ്ടിരുന്നു...........................*



ജ്വാല

# പുഴയുടെ ഉയർത്തെഴുന്നേൽപ്പ്



*കാറ്റാടും ഇലകളെ പുൽകി*
*കൂട്ട് കൂടും കിളികളെ കാണാൻ*
*അങ്ങു ദൂരെ മാരിക്കുറുമ്പിൽ*
*അഞ്ജിതമാം തൊങ്ങലുകാണെ*
*മനുജനിന്നു രണഭൂമിയാക്കിയ*
*മാനസ്സമായി തേങ്ങും പുഴയുടെ*
*ഉള്ളിനുള്ളിൽ ഹർഷാരവങ്ങൾ*
*ഊറി നിൽക്കും പകയുടെ നാളം.*
*മണ്ണിലേയ്ക്ക് വിരുന്നിനായില വന്നൊരാ*
*മാരിയിന്നു പെയ്തൊഴിഞ്ഞപ്പോൾ*
*അവൾ സ്വയം ശുദ്ധീകരിച്ചു*
*അവനിയുമവൾ കഴുകിയെടുത്തു .*



*പണക്കാരൻ,പാവപ്പെട്ടവൻ*
*പാരിതിൽ തുല്യമായതു രണ്ടും*
*രണ്ടു നാലു*
*ദിനത്തേയ്ക്കെന്നാകിലും*
*മതഭ്രാന്തു മറന്നു കേരളം.*
*പ്രതികാരത്തിനഗ്നിയാണൊ?*
*ഒരു ഗുരുവിന്റെ ശിക്ഷണമാണൊ?*
*സർവവ്വും നശിപ്പിക്കാനല്ല,ഒരു*
*പുതിയ പാഠം പഠിക്കുവാൻ മാത്രം.*

*...വൾ സ്വയം ഉയർത്തെഴുന്നേൽറ്റു*
*... വെളിച്ചത്തിലേയ്ക്ക്*
*...കപിടിടിച്ചെഴുന്നേൽപ്പിച്ചു*

*-അശ്വതി വി.എസ്സ്*



# ***ആകാശം***

*പകലിന് അരുണനെ സമ്മാനിച്ച ഞാൻ*
*മേഘക്കൂട്ടങ്ങളെ വിരിമാറിലൊതുക്കി*
*പറവകൾക്കാലയമായി ഞാൻ,*
*പലഭാവങ്ങളിൽ വിഹരിക്കുന്നു.*
*രാത്രിയുടെ നിശ്ശബ്ദത ഭീതി പരത്തിയ രാവുകളിൽ*
*അമ്പിളി അമൃതം പകർന്നു*
*താഴെ മണ്ണിലെ മിന്നാമിനുങ്ങുകൾ*
*താരങ്ങളെ കണ്ടു കൊതിച്ചു.*
*കറുത്ത തേരുകളിൽ ഉലാത്തി*
*സങ്കടം തീരാതെ വിങ്ങിപ്പൊട്ടി*
*തോരാത്ത കണ്ണീരിനാൽ ഞാൻ*
*ഭൂമിതൻ മക്കളുടെ ദാഹം ശമിപ്പിച്ചു.*
*രാവിന്റെ നിഗൂഢതയകറ്റാൻ*
*കണ്ണഞ്ചും പ്രഭയേകും ഇടിവാളുകളെയ്ത് ഒടുവിൽ,*

*ഏഴ് നിറങ്ങൾ ചാലിച്ച വാർവില്ലണിഞ്ഞ്*
*സൗന്ദര്യഭാവങ്ങളാവാഹിച്ച് ഞാൻ*
*പുതുദിനം വരവേറ്റു.*

*- ഇന്ദുലേഖ. ടി. ആർ*



# അമ്മയ്ക്കായി

അമ്മയിലാതൊരു ലോകമില്ലെനിക്ക്
ഞാൻചെയിത തെറ്റുകൾ, കുസൃതികൾ
സഹിച്ചീടും ദൈവം നീ,
എന്നുമെൻ കൂടെയുണ്ടായീടണം.
നിന്നഭാവത്തിൽ ഞാനനുഭവിച്ചീടുന്നു
സ്നേഹമില്ലാത്തൊരാ വിരഹങ്ങൾ
നീയറിഞ്ഞീടണം.
എന്നുമെൻ  കൂടെ നീ
നിലവിളക്കായ് തെളിഞ്ഞീടണം.
സ്നേഹിച്ചു ഞാനറിയാതെ നീ
എൻ മനം നൊമ്പരകടലായ് മാറി
എൻ സ്നേഹം നിൻ മേലെ
മാരിയായ് വർഷിക്കാം.

- രേവതി കണ്ണൻ



ജ്വാല

# ജീവന്റെ  തുടിപ്പ്

*വീണുപോകുമെന്നോർത്തൊരു നിമിഷം*
*വീഴാതെ തണലായ് കൂടെ നിന്നവർ*
*അവസാന ശ്വാസത്തിൽ കലരുന്ന  കണ്ണുനീർ*
*മായാത്ത  മനസ്സിലെ  മുറിവുകളിൽ നീറ്റൽ*
*ഉണർത്തുന്നു.*
*പാടിയ പാട്ടുകൾക്കൊത്താടിയ  പാദങ്ങൾ*
*പൊട്ടിയ  ചിലങ്കയിലെ പൊൻമുത്തുമണികൾ*
*ഓർമ്മകളായ് ഒരു നിമിഷം*
*സഫലമായ  ജീവിതത്തിന്റെ ഓരോ നിമിഷവും*
*മിന്നലിൻ  വേഗതയാൽ  പായുന്നു മനസ്സിൽ.*
*അവസാന ശ്വാസവും വിട്ട് പിരിയുകയായ്*
*ഉയർത്തെഴുന്നേൽപ്പിൻ കാലം പ്രതീക്ഷിച്ചുകൊണ്ട്*
*ഞാൻ  നേടിയ ഉത്തരങ്ങൾ  എൻമുന്നിൽ*
*ശാന്തിയോടെ മുന്നിൽ വന്നു.*

ജ്വാല

എന്തിനീ ജന്മം, സഫലമാവാത്ത ജന്മം
ഉയർത്തെഴുന്നേൽപ്പിന് കാലുപ്രതീക്ഷിച്ചുകൊണ്ട്
മടങ്ങുകയായ് ഈ മായാലോകത്ത് നിന്ന്.

- ആൻലിൻ



# അമ്മിണിയുടെ ജീവിതം



ജീവിത വീഥികളിൽ ഒറ്റയ്ക്കു
നിൽക്കുന്ന അമ്മിണിക്ക് അറിയില്ല,
ഇനിയെന്താണ് ചെയ്യേണ്ടതെന്ന്
നിസ്സഹായിയായിക്കൊണ്ട്
നിൽക്കാനല്ലാതെ.... ജീവിത
പരീക്ഷണങ്ങൾ
എല്ലാം അതിജീവിച്ച് അവൾ
അവളുടെ പുരുഷനോടൊപ്പം ജിവിതം ആരംഭിച്ചതെയുള്ളൂ.
സ്നേഹിക്കാൻ മാത്രമറിയുന്ന തന്റെ ഏട്ടനെ എന്ത് തെറ്റിന്റെ
ഫലമായിട്ടാണ് ദൈവം
അദ്ദേഹത്തെ വിളിച്ചത് എന്ന ചിന്തയിൽ ശങ്കിച്ചു നിൽക്കുകയാണവൾ.
എട്ടും പൊട്ടുമറിയാത്ത ഒരു അനാഥപ്പെണ്ണിനെ വിവാഹം
കഴിച്ചതാകുമൊ? വരുന്നവരെല്ലാം
സമാധാനിപ്പിച്ചു മടങ്ങിക്കൊണ്ടിരുന്നു.

തകർന്ന വീടിന്റെ ഒരു മൂലയിൽ അവൾ വേദനയോടെ നിസ്സ
ഹായിയായി ഇരുന്നു. എവിടെന്നിന്ന് തുടങ്ങണം എങ്ങനെ തുടങ്ങണം
എന്ന ചോദ്യങ്ങൾ അവളെ വേട്ടയാടിക്കൊണ്ടിരുന്നു തീച്ചൂളയിലേക്ക്
പ്രിയ്യപ്പട്ടവന്റെ ശരീരം എടുത്തുവയ്ക്കുമ്പോഴും അവൾ മുഖ ഭാവമില്ലാതെ

## ജ്വാല

അവിടെയിരുന്നു.എങ്കിലും നിലയ്ക്കാത്ത നിലവിളികൾ അവളുടെ മനസ്സിലുണ്ടായിരുന്നു.നേരം ഇരുട്ടിയിട്ടും അവൾ ഒന്നും കഴിച്ചതേയില്ല. മൂകമായ ആ രാത്രിയിൽ അവൾ ഒന്നു വിതുമ്പി കരഞ്ഞു. വിധി യോട് അവൾ തോൽവി സമ്മതിച്ചു എന്നാദ്യമായി പറഞ്ഞു. ജീവിതത്തിലെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കണ്ടായിരുന്നു അവളുടെ വിവാഹം. ആ

രാത്രിയിൽ അവൾ തന്റെ കഴിഞ്ഞ കാലങ്ങളിലേയ്ക്ക് ഒന്നു കണ്ണോടിച്ചു...

പ്രകൃതി പാതി മയക്കത്തിലേക്ക് ചാഞ്ഞ ആ രാത്രിയിൽ അവൾ തന്റെ പ്രിതമന്റെ അടുത്തേയ്ക്ക് പോകാൻ ആഗ്രഹിച്ചു. കിണറിൻ വക്കിലേയ്ക്ക് അവൾ എത്തിയപ്പോൾ താനൊരു ഗർഭിണിയെന്ന കാര്യം അവൾ ഓർത്തു.

തൊട്ടപ്പുറത്തെ നിലവിളികളിലേയ്ക്ക് ഒന്ന് അവൾ കാതോർത്തു. ദുരിതത്തിൽ ഒറ്റപ്പെട്ടു പോയവർക്കായ് തന്റെ ജീവിതം ആരംഭിക്കാൻ ആഗ്രഹിച്ചു. ജീവിത വീഥികളിൽ ശങ്കിച്ചു നിൽക്കുന്ന വർക്കായി അവൾ തന്റെ ജീവിതം സമർപ്പിച്ചു. പാതിവഴിയിലുപേക്ഷിച്ച പഠനം അവൾ പൂർത്തിയാക്കി.ഒറ്റപ്പെട്ടുപ്പോയ ഒരുപറ്റം മനുഷ്യ ജീവനുകൾക്ക് കൂട്ടായി അവളും അമ്മിണിക്ക് കൂട്ടായി അവളുടെ മക്കളും. മുന്നോട്ട് കുതിക്കണമെന്നും ശങ്കിച്ച് നിൽക്കാതെ എല്ലാം അതിജീവിക്കണമെന്നും അവൾ തന്റെ മക്കളെ പഠിപ്പിച്ചു.

- അർജുൻ



# ഭൂമിയുടെ അവകാശികൾ

ഏതൊരു എഴുത്തുകാരനും ഓർമ്മിക്കപ്പെടുന്നതും അംഗീകരിക്കപ്പെടുന്നതും അയാളുടെ രചനകളിലൂടെയാണ്. മലയാള കഥാസാഹിത്യത്തിൽ വേറിട്ട വഴിയിലൂടെ സഞ്ചരിച്ച് സ്വന്തം ജീവിതാനുഭവങ്ങളുടെ വിസ്തൃതവും വിസ്മയകരവുമായ അനുഭവലോകം ഹൃദ്യമായ ആഖ്യാനത്തിലൂടെ വായനക്കാരന് മുന്നിൽ അവതരിപ്പിച്ച ബഷീറിനെ അറിയാനും അദ്ദേഹത്തിന്റെ രചനകൾ അറിയണം.




അങ്ങനെ ബഷീറിനെ അറിയാൻ കഴിയുന്ന ഏറ്റവും നല്ല കൃതിയാണ് ഭൂമിയുടെ അവകാശികൾ. ലോകത്തിലെ സകല ജീവജാലങ്ങളെയും അദ്ദേഹം സ്നേഹിച്ചു. പ്രകൃതിയെ മാതാവായി കരുതി. ബേപ്പൂരിൽ അദ്ദേഹം വാങ്ങിയ രണ്ടേക്കർ പറമ്പ് അദ്ദേഹത്തിന് പൂങ്കാവനമായിരുന്നു. അതിൽ ബഷീർ വിളയിക്കാത്ത വൃക്ഷലതാദികളില്ല.

ജ്വാല

*ഇവയ്ക്കുപുറമെ എല്ലാ ജീവജാലങ്ങളും തന്നെപ്പോലെ തന്നെ ഭൂമിയുടെ അവകാശികളാണെന്ന് അദ്ദേഹം കരുതി. പ്രകൃതിസംരക്ഷണത്തിന്റെയും അതിലുപരി പ്രകൃതിസ്നേഹത്തിന്റെയും കഥയപറയുന്ന ഒരു കൃതിയാണ് ഭൂമിയുടെ അവകാശികൾ.*

## അഭിമാന താരങ്ങൾ

### സംസ്ഥാന തല മത്സരങ്ങളിൽ പങ്കെടുത്ത് വിജയികളായവർ.

വോളിബോൾ

ഷാരോൺ -10.ബി

ജായിദ് -10.ജി

സെപക് താക്രൊ

അഥീന അരവിന്ദ്-9.സി

അക്വാട്ടിക്സ്

സാത്വി.ബി.എം -8.എ

കബഡി

അമൽ ജിത്ത്.കെ.ജി -10.എ

അമൽ.എം.എസ് -10.ഡി

അത്ലെറ്റിക്സ്

സാന്ദ്ര -10.ജി



ഷാരോൺ



ജായിദ്



അഥീന



അമൽജിത്ത്





ജ്വാല

അനഷ് ചന്ദ്രൻ -8.ഇ

ജ്യോമെട്രിക്കൽ ചാർട്ട്

സാന്ദ്ര.പി.എസ് -9.സി

ഡോർമാറ്റ്

ആതിത്യ ശിവ -10.സി

അനഷ് സാന്ദ്ര



## സ്കൂളിന്റെ മികവുറ്റ പ്രവർത്തനങ്ങൾ




സ്മാർട്ട്40





ഒ.ആർ.സി

ാഗസിൻ



ജ്വാല

ചെൽസി  മുൻ കോച്ച്
സ്കൂളിൽ

എസ്സ്.പി.സി  ക്യാമ്പ്

# മാത്സ് ക്ലബ് പ്രവർത്തനങ്ങൾ







# വികസനത്തിന്റെ പാതയിൽ

അടൽ ടിങ്കറിംഗ് ലാബ് ഉദ്ഘാടനം ബഹുമാനപ്പെട്ട ചാലക്കുടി എം പി ശ്രീ. ഇന്നസെന്റ് നിർവഹിക്കുന്നു









## ജ്വാലയ്ക്ക് പിന്നിൽ പ്രവർത്തിച്ചവർ





ആൻലിൻ

അർജുൻ





ജ്വാല

നിയാസ്

ദർശന





സാന്ദ്ര

അനഘ

# നന്ദി